പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3973</u> — <u>12.12.2018 ൽ മറുപടിക്ക്</u>

## <u>നെടുമങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) ആർദ്രം പദ്ധതിയുടെ ഭാഗമായി നെടുമങ്ങാട് മണ്ഡലത്തിൽ നിന്നും നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഒരു ശിശുരോഗ വിദഗ്ദ്ധന്റേയും ഒരു ജനറൽ സർജന്റേയും സേവനം ഒരുക്കിയിട്ടുണ്ട്. തോന്നക്കൽ, കരകുളം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഒ.പി.സമയം 6 മണി വരെ ദീർഘിപ്പിക്കുകയും ലാബ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചു നൽകിയതിനുപുറമേ കരകുളം പഞ്ചായത്തു മുഖേന ഒരു സ്റ്റാഫ് നഴ്സിന്റെയും ഒരു ക്ലീനിംങ് സ്റ്റാഫിനേയും നിയമിച്ച് മെച്ചപ്പെട്ട സേവനം നൽകി വരുന്നു. ഒ.പി.ബ്ലോക്ക്, ഒ.പി.കൗണ്ടർ, ഒ.പി.രജിസ്ട്രേഷൻ, ഫ്രീ ചെക്കപ്പ്, വെയിറ്റിംങ് ഏരിയ, നഴ്സിംങ് സ്റ്റേഷൻ, ഡ്രസ്സിംഗ് റൂം മുതലായവ സജ്ജീകരിച്ചിട്ടുണ്ട്. പഴയ കെട്ടിടം പഞ്ചായത്തു മുഖേന അറ്റകുറ്റപ്പണികഴിപ്പിക്കുകയും ലാബ്, ഫാർമസി സ്റ്റോർ എന്നിവ ആരംഭിക്കുകയും ശ്വാസ്, ആശ്വാസ് ക്ലിനിക്, ഇ-ഹെൽത്ത് എന്നിവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വെമ്പായം, മാണിക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനു തെരെഞ്ഞെടുക്കുകയും ഇവിടങ്ങളിലെ ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരികയുമാണ്. |
| (ബി) ടി മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ജില്ലാ ആശുപത്രി നെടുമങ്ങാട്, തോന്നക്കൽ, കരകുളം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, രണ്ടാം ഘട്ടത്തിൽ വെമ്പായം, മാണിക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും തെരെഞ്ഞെടുത്തിട്ടുണ്ട്. |



<u>സെക്ഷൻ ഓഫീസർ</u>